**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ആസ്തി വികസന പദ്ധതി (എൽ.എ.സി-എ.ഡി.എസ്) - മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിൽ വെളിയഞ്ചേരിയിലും ആഞ്ഞിലങ്ങാടിയിലും അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.568/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,11/02/2016.**

പരാമർശം : 1) സഉ(അച്ചടി) 332/2012/ധന തീയതി. 11/06/2012.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 01/01/2016 ലെ ഡിബി4/11893/14/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജകമണ്ഡലത്തിലെ ശ്രീ. എം. ഉമ്മർ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വെളിയഞ്ചേരിയിലും ആഞ്ഞിലങ്ങാടിയിലും ഓരോ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി പരാമർശം 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ 25 ലക്ഷം രൂപ വീതം എസ്റ്റിമേറ്റുള്ള രണ്ട് പ്രൊപ്പോസലുകൾ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ , ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജകമണ്ഡലത്തിലെ ശ്രീ. എം. ഉമ്മർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ (രൂപ അൻപത് ലക്ഷം മാത്രം) ചെലവഴിച്ച് മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വെളിയഞ്ചേരിയിലും ആഞ്ഞിലങ്ങാടിയിലും ഓരോ അംഗൻവാടിയ്ക്കും 25 ലക്ഷം രൂപ വീതം എന്ന ക്രമത്തിൽ ഓരോ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ .വി.**

**ഗവ.ജോയിൻറ് സെക്രട്ടറി**

ശ്രീ. എം.ഉമ്മർ, എം.എൽ.എ, മഞ്ചേരി നിയോജകമണ്ഡലം. മലപ്പുറം ജില്ല (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം ജില്ല
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറംജില്ല
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
സെക്രട്ടറി,എടപ്പറ്റ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
ധനകാര്യ വകുപ്പ് (യു.ഒ.നം. 5407/എൻ.സി(സി-1)/2016 തീയതി,29/01/2016)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ